# സംസ്കൃത ദർപ്പണം

## അക്കാദമിക് മാസ്റ്റർ പ്ലാൻ 2025

സംസ്കൃതം ഹൈസ്കൂൾ, വട്ടോളി
കുന്നുമ്മൽ ഉപജില്ല, കോഴിക്കോട് ജില്ല
ഫോൺ : 0496 2447077

# The Constitution of India

## PREAMBLE

WE, THE PEOPLE OF INDIA, having solemnly resolved to constitute India into a SOVEREIGN SOCIALIST SECULAR DEMOCRATIC REPUBLIC and to secure to all its citizens:

JUSTICE, social, economic and political; LIBERTY of thought, expression, belief, faith and worship;

EQUALITY of status and of opportunity; and to promote among them all FRATERNITY assuring the dignity of the individual and the unity and integrity of the Nation;

IN OUR CONSTITUENT ASSEMBLY this twenty-sixth day of November, 1949, do HEREBY ADOPT, ENACT AND GIVE TO OURSELVES THIS CONSTITUTION.


Don't limit a child to your
own learning, for he was
born in another time.
-Rabindranath Tagore


What is education?
Is it book-learning? No.
Is it diverse knowledge?
Not even that.
The training by which the current and
expression of will are brought under
control and become fruitful is
called education.


"Education is not
the learning of
facts, but the
training of the mind
to think."
-Albert Einstein

# അക്കാദമിക് മാസ്റ്റർപ്ലാൻ
# എഡിറ്റോറിയൽ

| | |
|---|---|
| **അഡ്വൈസറി ബോർഡ്** | പി.കെ. പത്മനാഭൻ<br>(പ്രസിഡണ്ട്, പി.ടി.എ.) |
| | രമ്യ നിജീഷ്<br>(ചെയർപേഴ്സൺ, എം.പി.ടി.എ.) |
| | ആർ.കെ. റിൻസി<br>(വൈസ് പ്രസിഡണ്ട് പി.ടി.എ.) |
| | മഹേഷ് ടി.കെ.<br>(വൈസ് പ്രസിഡണ്ട് പി.ടി.എ.) |
| | വി.പി. ശ്രീജ<br>(ഹെഡ്മിസ്ട്രസ്സ്) |
| | കെ.ടി. ജയപാലൻ<br>(സ്കൂൾ മാനേജർ) |
| **എഡിറ്റർ** | എ.പി. രാജീവൻ<br>(എസ്.ആർ.ജി. കൺവീനർ) |
| **അംഗങ്ങൾ** | സി.പി.മിനിമോൾ<br>(സീനിയർ അസിസ്റ്റന്റ്) |
| | എ.പി. മുനീർ<br>(കൺവീനർ വിജയോത്സവം) |
| | സി.കെ. ലീല |
| | അനീഷ് എ.<br>(സ്റ്റാഫ് സെക്രട്ടറി) |
| | കെ. റൂസി |
| | എം.എൻ.ഷീജ |
| | രാഗേഷ് ജി.ആർ.<br>(എസ്.ഐ.ടി.സി.) |
| | ഷൈന ആർ. |
| | അഭിന എൻ.കെ. |
| | നിസാർ എടത്തിൽ |
| | ബൈജു എം. |
| | ശ്രീകാന്ത് എം.പി. |
| | പ്രജിൽ വി.കെ. |
| | റീജ വി.കെ. |
| | സയദ് ടി. |
| | രമ്യ കെ.ആർ. |

# അക്കാദമിക് മാസ്റ്റർ പ്ലാൻ

## ഉള്ളടക്കം


| ക്രമ നമ്പർ | വിഷയം | പേജ് നമ്പർ |
|---|---|---|
| 1. | **ആമുഖം** | |
| 2. | **ലക്ഷ്യങ്ങൾ** | |
| 3. | **വിദ്യാലയ ചരിത്രം** | |
| 4. | **വിദ്യാലയം മികവിന്റെ കേന്ദ്രം**............ കാഴ്ചപ്പാടുകൾ | |
| 5. | **നിലവിലുള്ള അവസ്ഥാ വിശകലനം**.... കുട്ടികൾ, അധ്യാപകർ, ഭൗതിക സാഹചര്യം | |
| 6. | **നിലവിലെ അക്കാദമികബോധന – വിലയിരുത്തൽ തന്ത്രങ്ങൾ** | |
| 7. | **അധ്യാപകർ ചുമതലകൾ** | |
| 8. | **എസ്.എസ്.എൽ.സി. ഫലം ഒറ്റ നോട്ടത്തിൽ** | |
| 9. | **പരിമിതികൾ**................................ (ഭൗതികസാഹചര്യം, അക്കാഡമിക് രംഗം) | |
| 10. | **വിഷയമേഖലകൾ** | |
| 11. | **ഉറക്കെ പറയാം ഭാഷാ പരിശീലനം** | |
| 12. | **മധുരം ഗണിതം**............................ ഗണിതപാഠം | |
| 13. | **ഒരുക്കാം നമുക്ക് എസ്.എസ്.എൽ.സി. പൊതുപരീക്ഷക്ക് കുട്ടികളെ ഒരുക്കൽ** | |
| 14. | **വളരാം– വളർത്താം– വായനയിലൂടെ, വായനവസന്തം** | |
| 15. | **ശാസ്ത്രദീപ്തി**............................ ശാസ്ത്രപഠനം | |
| 16. | **സാമൂഹ്യ ഭൂപടം**........................... സാമൂഹ്യശാസ്ത്ര പഠനം | |
| 17. | **പറന്നുയരാം**................................ സംസ്ഥാന,ദേശീയ തലങ്ങളിൽ നമ്മുടെ കുട്ടികൾ സ്കോളർഷിപ്പ് മത്സരപരീക്ഷകളിലെക്കുള്ള തയ്യാറെടുപ്പുകൾ | |
| 18. | **ചുവടുവെക്കാം കരുത്തോടെ**.......... ആരോഗ്യ, കായികവിദ്യാഭ്യാസം, കായികക്ഷമത ഭക്ഷണം | |
| 19. | **എല്ലാവരെയും കൂട്ടാം**...................... കലാ - സംസ്കാരികം/എല്ലാ കുട്ടികളുടെയും കഴിവുകൾ കണ്ടെത്തി പരിപോഷണം | |
| 20. | **പ്രവർത്തിച്ച് മുന്നേറാം**..................... ക്ലബ്ബ്/സന്നദ്ധപ്രവർത്തനങ്ങളുടെ സംഘാടനം | |
| 21. | **ക്രമപ്പെടുത്താം നമുക്കീ വിദ്യാലയ അന്തരീക്ഷം** ഗൈഡൻസ് ആന്റ് കൗൺസിലിംഗ്/അച്ചടക്കബോധം | |
| 22. | **വെടിപ്പാക്കാം നമുക്കൊരുമിച്ച്** ശുചിത്വം | |
| 23. | **ഞങ്ങളുണ്ട് നിങ്ങളോടൊപ്പം**............ സാന്ത്വനം, ശ്രദ്ധ, പരിചരണം | |
| 24. | **മോണിറ്ററിംഗ്** | |
| 25. | **ഉപസംഹാരം** | |
| 26. | **അവലംബം** | |

# ആമുഖം

**വി**ദ്യാർത്ഥികളുടെ സർവതോന്മുഖമായ വളർച്ചയ്ക്ക് നേതൃത്വം നൽകുന്ന വൈജ്ഞാനിക കേന്ദ്രമായി ഈ വിദ്യാലയത്തെ വളർത്തിയെടുക്കുകയാണ് നമ്മുടെ ലക്ഷ്യം.

ബുദ്ധിപരവും മാനസികവും ശാരീരികവും സാമൂഹ്യവുമായ വികാസത്തിന് വിദ്യാർത്ഥികളെ പ്രാപ്തരരക്കുന്ന പഠന - പാഠനാനുബന്ധ പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളത്. ഭാഷ - ഗണിത - ശാസ്ത്ര - സാമൂഹ്യശാസ്ത്രവിഷയങ്ങളിൽ സാർവദേശീയ നിലവാരമുള്ള വിദ്യാലയമായി നമ്മുടെ സ്കൂൾ മാറേണ്ടതുണ്ട്. ദേശീയ അന്തർദേശീയ മത്സരപരീക്ഷകളിൽ നമ്മുടെ വിദ്യാർത്ഥികൾക്കും മികച്ച പ്രകടനം കാഴ്ചവെക്കാൻ കഴിയണം. കൂടാതെ മികച്ച പാരിസ്ഥിതികാവബോധം, ധാർമികചിന്ത ജനാധിപത്യ മതേതര മനോഭാവം, സഹജീവിസ്നേഹം, തുടങ്ങിയ ഉന്നത മൂല്യങ്ങൾ വിദ്യാർത്ഥികളുടെ നിലപാടുകളേയും പെരുമാറ്റത്തേയും സ്വാധീനിക്കണം. ഭാവിലോകത്തിന്റെ സൃഷ്ടാക്കളാണ് വിദ്യാർത്ഥികളെന്നതുകൊണ്ട് തന്നെ വിദ്യാലയത്തിന്റെ സാമൂഹ്യ ഉത്തരവാദിത്വം വളരെ വലുതാണെന്ന് നമ്മൾ ഉറച്ചുവിശ്വസിക്കുന്നു.

സ്വാമി വിവേകാനന്ദൻ വിദ്യാഭ്യാസത്തിന്റെ ലക്ഷ്യങ്ങളെക്കുറിച്ച് പറഞ്ഞവാക്കുകൾ ഇവിടെ സ്മരണീയമാണ്. 'Education is the manifestation of perfection already in man' (മനുഷ്യനിൽ അന്തർലീനമായ പൂർണതയുടെ ആവിഷ്കാരമാണ് വിദ്യാഭ്യാസം) അതുകൊണ്ടുതന്നെ പൂർണ മനുഷ്യനെ സൃഷ്ടിക്കലാണ് ഏതൊരു വിദ്യാലയത്തിന്റെയും ലക്ഷ്യമെന്ന ഉത്തമബോധ്യം നമുക്കുണ്ട്. വ്യക്തിയുടെ ഹൃദയത്തിന്റെ, മനസ്സിന്റെ, ബുദ്ധിയുടെ സാമൂഹ്യബോധത്തിന്റെ സമ്പൂർണ വികാസത്തിലൂടെ മാത്രമേ ഈ ലക്ഷ്യത്തിലേക്കെത്തിച്ചേരാൻ കഴിയുകയുള്ളൂ അതിനുള്ള ഭൗതികവും വിദ്യാഭ്യാസപരവുമായ സാഹചര്യം നമ്മുടെ സ്കൂളിൽ സൃഷ്ടിക്കേണ്ടതുണ്ട്. രോഗദുരിതങ്ങളുടെയും ദാരിദ്ര്യത്തിന്റേയും യഥാർത്ഥ്യങ്ങൾക്കു നേരെ ആർദ്രമായ ഹൃദയ ത്തോടെ നോക്കാനും വേദനകളിൽ സാന്ത്വനമേകാനും മികച്ച വിദ്യാർത്ഥികൾക്ക് കഴിയേണ്ടതുണ്ട്. ബഹുസ്വര സാമൂഹ്യാന്തരീക്ഷത്തിലെ പ്രത്യേകതകൾ തിരിച്ചറിഞ്ഞ് വിവിധ വിശ്വാസധാരകളെ ബഹുമാനിക്കാനും അംഗീകാരിക്കാനും അവർക്ക് കഴിയണം.

മനുഷ്യകേന്ദ്രീകൃത ചിന്തകൾക്കപ്പുറത്ത് സർവജീവജാലങ്ങൾക്കുമവകാശപ്പെട്ടതാണ് ഈ ഭൂമിയെന്ന വിശാല പാരിസ്ഥിതികളെ ബോധത്തിന്റെ വെളിച്ചത്തിലൂടെ നടന്നുപോകാൻ അവരെ പ്രാപ്തരാക്കേണ്ടതുണ്ട്.

നാടിന്റെ ആവശ്യങ്ങൾ മനസില്ലാക്കി എല്ലാ തൊഴിൽ മേഖലകളിലും മികച്ച പ്രൊഫഷണലുകൾ രൂപപ്പെടേണ്ടതുണ്ട്. സ്വന്തം അഭിരുചികളെയും കഴിവുകളെയും വളർത്തിയെടുക്കുന്ന ആത്മ വിശ്വാസമുള്ള തലമുറയാണ് നമ്മുടെ ലക്ഷ്യം. വാപിളർന്നു നിൽക്കുന്ന ലഹരിവിപത്തിന്റെ ചതിക്കുഴികളിലകപ്പെടാത്ത മികച്ച ധാർമിക നിലവാരമുള്ള വിദ്യാർത്ഥിക്കു മാത്രമേ ഭാവി ലോകത്തിനു പ്രതീക്ഷയേകാൻ കഴിയുകയുള്ളൂ. അപരന്റെ ശബ്ദം കേൾക്കാനും പരിഗണിക്കാനും മനസുള്ള ഉന്നതമായ ജനാധിപത്യ ബോധം വികസിച്ചുവരണം കുടുംബാന്തരീക്ഷത്തിൽ നിന്ന് സാമൂഹ്യാന്തരീക്ഷത്തിലേക്ക് വ്യാപിച്ച് പ്രകാശം പരുത്തുന്ന ജനാധിപത്യ സംസ്കാരം വികസിച്ചു വരണം. ലിംഗ നീതിയെക്കുറിച്ച് പുരോഗമനപരമായ കാഴ്ചപ്പാടുകൾ ജീവിതത്തിൽ പകർത്താൻ ശേഷിയുള്ള ഉത്തമ പൗരന്മാരാണ് വളർന്നുവരേണ്ടത്.

ചുരുക്കത്തിൽ ലിംഗനീതിബോധം ഉയർന്ന ധീക്ഷണാശേഷി സാമൂഹ്യബോധം, പാരിസ്ഥിതിക ചിന്ത, ധാർമ്മിക ബോധം ഭാഷാനൈപുണി, ജനാധിപത്യചിന്ത, സമത്വചിന്ത, നീതിബോധം വളർത്തിയെടുക്കുകയാണ് നമ്മുടെ ലക്ഷ്യം.

# ലക്ഷ്യങ്ങൾ

അന്താരാഷ്ട്ര നിലവാരത്തിലേക്ക് വിദ്യാലയത്തിലെ ഓരോ കുട്ടിയുടേയും ധാരണകളും നൈപുണികളും ശേഷികളും മനോഭാവവും മൂല്യങ്ങളും വികസിപ്പിക്കുന്നതിനും അതുവഴി മികവിന്റെ കേന്ദ്രമായി പൊതുവിദ്യാലയങ്ങളെ വളർത്തുന്നതിനും ലക്ഷ്യം വെച്ചുകൊണ്ടാണ് പൊതുവിദ്യാഭ്യാസ യജ്ഞം ആരംഭിച്ചിട്ടുള്ളത്. അറിവിനെ സ്കൂളിനു പുറത്ത് ജീവിതവുമായി ബന്ധപ്പെടുത്തുക.

കുട്ടികൾ പാഠഭാഗങ്ങൾ കാണാപാഠം പഠിക്കുന്ന പഴയ രീതികളൊക്കെ ഒഴിവാക്കുക, പാഠപുസ്തകങ്ങൾക്കപ്പുറത്തേക്ക് പഠനപ്രവർത്തനത്തെ വിപുലപ്പെടുത്തുക

പഠനവും പരീക്ഷയും തമ്മിൽ ബന്ധിപ്പിക്കുക, നിരന്തര മൂല്യനിർണയത്തിന്റെയും വിലയിരുത്തലിന്റെയും സാധ്യത പ്രയോജനപ്പെടുത്തുക തുടങ്ങി ദേശീയപാഠ്യപദ്ധതി ഫ്രെയിംവർക്ക് (2005) നിർദ്ദേശങ്ങളും പ്രക്രിയാബന്ധിതവും പ്രവർത്തനാധിഷ്ഠിതവും ശിശുകേന്ദ്രീകൃതവുമായ പഠനമാണ് ക്ലാസ് മുറികൾക്കകത്ത് നടക്കേണ്ടതെന്ന വിദ്യാഭ്യാസ അവകാശനിയമം (2009) മുന്നോട്ടുവെക്കുന്ന ആശയങ്ങളിലും ഊന്നിനിന്നുകൊണ്ട് ഈ പദ്ധതിയുടെ ലക്ഷ്യങ്ങൾ നിർണയിച്ചിട്ടുള്ളത്.

* 5ാം ക്ലാസു മുതൽ 10ാം ക്ലാസ് വരെ ഓരോ ക്ലാസിലും കുട്ടികൾ ആർജിക്കേണ്ട ധാരണകളും നൈപുണികളും (അന്താരാഷ്ട്ര നിലവാരത്തിൽ) ഓരോ കുട്ടിയുടെയും പരമാവധി കഴിവിനനുസരിച്ച് നേടിയിട്ടുണ്ട് എന്ന് ഉറപ്പുവരുത്തുക. പഠനവിഷയങ്ങളിൽ ആശയങ്ങൾ ഉറക്കണം. കലാകായിക പ്രവൃത്തി പരിചയപഠനത്തിൽ പങ്കാളത്തിവും താൽപര്യവും ഉറപ്പാക്കണം, സാമൂഹ്യരംഗത്തെ ധാരണ പരിസ്ഥിതി ജ്ഞാനം തുടങ്ങിയവ കൈവരിക്കണം. പഠിക്കുന്ന ഭാഷകളിലെല്ലാം ആശയ വിനിമയശേഷി നേടുകയും ചെയ്യണം.
* എല്ലാ കുട്ടികൾക്കും എല്ലാ മേഖലയിലും അനുഭവങ്ങൾ ലഭിക്കുന്നതിനും സർഗപരമായ കഴിവുകൾ പ്രകടിപ്പിക്കുന്നതിനുള്ള അവസരങ്ങൾ ലഭ്യമാക്കും.
* അന്താരാഷ്ട്ര നിലവാരം ഉറപ്പുവരുത്തതിനാവശ്യമായ ഭൗതികസാഹചര്യങ്ങൾ സ്കളിലൊരുക്കും.
* ഉന്നതനിലവാരം പുലർത്തുന്ന അധ്യാപനം ലഭ്യമാക്കാൻ അധ്യാപക ശാക്തീകരണ പരിശീലനങ്ങൾ വിവിധ സ്ഥലങ്ങളിൽ നിന്നും ലഭ്യമാക്കും.
* ആധുനിക വിവരവിനിമയ സാങ്കേതിക വിദ്യയുടെ (ICT) ഉപയോഗം എല്ലാ ക്ലാസുകളിലും ഉറപ്പാക്കുന്നതിലൂടെ ബഹുമുഖ പഠനതന്ത്രങ്ങൾ പ്രയോജനപ്പെടുത്തി പഠനം കാര്യക്ഷമമാക്കും.
* ICT ക്ലാസ്മുറികളിൽ പഠന പ്രവർത്തനം കാര്യക്ഷമമാക്കാനുള്ള അധ്യാപകരുടെ പാഠാസൂത്രണങ്ങൾ കൃത്യമായി മോണിറ്ററിംഗിന് വിധേയമാക്കും.
* കലാകായിക പ്രവൃത്തിപരിചയ മികവ് ഉറപ്പുവരുത്തുന്നതിന് ആവശ്യമായ ഭൗതിക മാനസിക സാസംസ്.
* ഗവേഷണാത്മക അധ്യാപനത്തിനും ഗവേഷണാത്മക പഠനത്തിനും അവസരമൊരുക്കുക.
* പഠനത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ അധ്യയനവർഷാരംഭത്തിൽ തന്നെ കണ്ടെത്തി ആവശ്യമായ പഠനസഹായം അവർക്കുകൂടി സ്വീകാര്യമായ രീതിയിൽ നൽകുന്നു.
* പഠനം ആകർഷകവും സർഗാത്മകവും ആനന്ദകരവുമാക്കാൻ വിദ്യാലയഭൗതിക സൗകര്യങ്ങളും വികസിപ്പിക്കും.
* സ്കൂൾ ലൈബ്രറി ലബോറട്ടറികൾ എന്നിവ ആധുനികവൽക്കരിച്ച് പഠനപ്രകിയ കൂടുത എളുപ്പമാകും
* ലഘുപഠനയാത്രകൾ, പഠനക്യാമ്പുകൾ ശിൽപശാലകൾ വിദഗ്ദ്ധരുടെ ക്ലാസ്സുകൾ വിദ്ഗദ്ധരുടെ സെമിനാറുകൾ, പ്രൊജക്ടുകൾ തുടങ്ങിയ വൈവിധ്യമാർന്ന പഠന രീതിയിൽ ഉപയോഗപ്പെടുത്തും.

* കാർഷികസംസ്കാരം പുതുതലമുറകളിൽ വളർത്തിയെടുക്കുക. മാലിന്യ നിർമാർജ്ജനം ഒരു സംസ്കാരമാക്കി തീർക്കുക.
* പ്ലാസ്റ്റിക്ക് വിമുക്തവിദ്യാലയം പ്ലാസ്റ്റിക്ക് നിയന്ത്രിതഗ്രാമം  പദ്ധതിയുടെ തുടർച്ച നടപ്പിലാക്കുക.
* ലഹരി വസ്തുക്കളുടെ ഉപയോഗത്തിൽ നിന്നും പുതിയ തലമുറയെ പൂർണ്ണമായും മുക്തമാക്കാനുള്ളസജീവമായ ബോധവൽക്കരണ പരിപാടികൾ ആസൂത്രണം ചെയ്യുന്നു.
* വിദ്യാഭ്യാസത്തിന്റെ ജനകീയ വൽക്കരണം അർത്ഥപൂർണാകും
* തൊഴിലധിഷ്ഠിത വിദ്യാഭ്യാസത്തിന് പ്രോത്സാഹനം
* എസ്.എസ്.എൽ.സി. കുട്ടികൾക്കായി ഗൈഡൻസ് ക്ലാസ്സുകൾ
* എല്ലാ ക്ലാസ്സുകളിലെ കുട്ടികൾക്കും രക്ഷിതാക്കൾക്കും കൗൺസിലിംഗ് ക്ലാസുകൾ
* സ്കൂൾ പ്രവർത്തനങ്ങൾ ഫലപ്രദമാക്കുന്നതിന് ജനകീയ ഇടപെടൽ ഉറപ്പാക്കുക. പ്രാദേശിക വിഭവങ്ങൾ പ്രയോജനപ്പെടുത്തും
* സ്കൂൾതലത്തിലുള്ള എല്ലാ സഹായസംവിധാനങ്ങളെയും ഏകോപിപ്പിച്ച് പാലിയേറ്റീവ് രംഗം സജീവമാക്കും

# സ്കൂളിന്റെ ചരിത്രം

വടകര താലൂക്കിൽ കിഴക്കൻ മേഖലയിലുള്ള കുന്നുമ്മൽ ഗ്രാമപഞ്ചായത്തിലെ 13-ാം വാർഡിൽ സ്ഥിതി ചെയ്യുന്ന ഒരു വിദ്യാലയമാണ് വട്ടോളി സംസ്കൃതം ഹൈസ്കൂൾ. ഈ വിദ്യാലയം 1921 ജൂൺ ആദ്യാവാരത്തിൽ വിദ്യാഭിവർദ്ധിനി എന്ന പേരിൽ ആരംഭിച്ചു. അന്ന് പെരച്ചൻ ഗുരിക്കളും മകനായ ചാത്തു വൈദ്യരുമായിരുന്നു അധ്യാപകർ. മിഷൻകാർ നടത്തിയതും പിന്നീട് അവർ വിട്ടുപോയതുമായ ഒരു കെട്ടിടത്തിലാണ് സ്കൂൾ ആരം ഭിച്ചത്. അന്ന് ആ കെട്ടിടത്തിന്റെ ഉടമകൾ വളപ്പിൽ കൃഷ്ണൻ വൈദ്യരും അഞ്ചേലി പുത്തൻപുരയിൽ കൃഷ്ണൻ വൈദ്യരുമായിരുന്നു.

മിഷൻകാർ ഒഴിഞ്ഞ് പോയപ്പോൾ പ്രസ്തുത കെട്ടിടം സ്കൂൾ ആരംഭിക്കേണ്ടതിലേക്ക് അവർ അനുവ ദിച്ചു. രണ്ടാമത്തെയും മൂന്നാമത്തെയും വർഷം മദ്രാസ് ഗവൺമെന്റ് 100 രൂപ വീതം ഗ്രാന്റ് അനുവദിച്ചു. അന്ന് മൂന്ന് അധ്യാപകരായിരുന്നു ഉണ്ടായിരുന്നത്. മൂന്ന് കൊല്ലം കഴിഞ്ഞപ്പോൾ ഡിസ്ട്രിക്ട് ബോർഡുകാർ പ്രസ്തുത കെട്ടിടം അതിന്റെ ഉടമകളോട് ആവശ്യപ്പെട്ടത് പ്രകാരം അവർ പെരച്ചൻ ഗുരിക്കളോട് സ്കൂൾ ഒഴിഞ്ഞ് കൊടുക്കാനാവശ്യപ്പെട്ടു. പിന്നീട് കൊല്ലോം പടിക്കൽ എന്ന ഒഴിഞ്ഞ് കിടക്കുന്ന വീട് വാങ്ങുകയും അവിടെ വെച്ച് ഒരു വർഷം സ്കൂൾ നടത്തുകയും ചെയ്തു. സ്കൂൾ പരിശോധന കുന്നുമ്മൽ എൽ.പി.സ്കൂ ളിൽ വെച്ചാണ് നടത്തിയത്. അതിന് ശേഷം കട്ടകൊണ്ട് കയനാട്ടത്ത് ഒരു കെട്ടിടം നിർമ്മിച്ച സ്കൂൾ നടത്തി. 1928 വരെ അവിടെയായിരുന്നു സ്കൂൾ.

1928ൽ മദ്രാസ് ഗവൺമെന്റിന്റെ വെങ്കിടരത്നം എന്ന പേരുള്ള സംസ്കൃത സ്കൂൾ സൂപ്രണ്ട് പെട്ടെന്നു വന്നു സ്കൂൾ പരിശോധിച്ച് പഠന രീതിയിലും മറ്റും സന്തോഷം പ്രകടിപ്പിച്ചു. കഴിയുന്നതും റോഡിനരികെ സ്കൂൾ നിർമ്മിക്കുന്നത് നന്നായിരിക്കുമെന്ന് അഭിപ്രായപ്പെടുകയും ചെയ്തു. അന്ന് എലിമെന്ററി വിഭാഗത്തിൽ നാലും അഡ്വാൻസ്ഡ് വിഭാഗത്തിൽ നാലും ക്ലാസ്സുകൾ ആണ് ഉണ്ടായിരുന്നത്.

മദ്രാസ് ഗവൺമെന്റിന്റെ നിയമപ്രകാരം സ്കൂളിന്റെ മാനേജ്മെന്റ് മാറുമ്പോൾ ഒരു കമ്മിറ്റി വേണമായി രുന്നു. അതുപ്രകാരം ചാത്തുവൈദ്യർ തന്റെ അടുത്ത സുഹൃദ്ബന്ധത്തിലുള്ള ഏഴ് പേരെ ചേർത്ത് ഒരു കമ്മിറ്റി രൂപീകരിക്കുകയും തലശ്ശേരി ഡിസ്ട്രിക്ട് റജിസ്ട്രാർ ഓഫീസിൽ വെച്ച് രജിസ്ട്രേഷൻ നടത്തുകയും ചെയ്തു.

എട്ടാമത്തെ കൊല്ലം ഇവിടെ നിന്ന് എൻട്രൻസ് പരീക്ഷയ്ക്ക് കുട്ടികളെ അയക്കുകയും പാസാവുകയും ചെയ്തിട്ടുണ്ട്. അന്ന് സ്കൂളിന്റെ പേര് വിദ്യാഭിവർദ്ധിനി അഡ്വാൻസ്ഡ് സംസ്കൃതം സ്കൂൾ എന്നായിരുന്നു. അതിന് ശേഷം പേര് ഓറിയന്റൽ സെക്കണ്ടറി സ്കൂൾ എന്നാവുകയും പരീക്ഷയുടെ പേര് ഒ.എസ്.എസ്.എൽ. സി. എന്നാക്കി മാറ്റുകയും ചെയ്തു.

1956ൽ ആണ് ഇന്നത്തെ നിലയിൽ സ്കൂളിന് അംഗീകാരം ലഭിക്കുന്നത്. പ്രഥമഭാഷ സംസ്കൃതമായുള്ള സംസ്കൃത സെക്കണ്ടറി എന്നായിരുന്നു സ്കൂളിന്റെ പേര്. കേരളാ ഗവൺമെന്റിന്റെ സ്ഥിരാം ഗീകാരത്തിന് രണ്ടാമത് ഒരു കമ്മിറ്റി വേണമെന്ന് ആവശ്യപ്പെടുകയാൽ അതു പ്രകാരം ചാത്തുവൈദ്യർ പുതിയ അംഗങ്ങളെ ചേർത്ത് ഒരു കമ്മിറ്റി രൂപീകരിക്കുകയും കോഴിക്കോട് രജിസ്റ്റർ ചെയ്യുകയും ചെയ്തു. 1992ൽ പ്രഥമഭാഷയായി അറബിക്കും തുടർന്ന് 1996ൽ മലയാളവും പഠിപ്പിക്കാനുള്ള അനുവാദം സർക്കാരിൽ നിന്ന് ലഭിച്ചു. കേരളസംസ്ഥാന രൂപീകരണത്തിന് മുമ്പ് ഈ വിദ്യാലയം നിലനിർത്താൻ വേണ്ടി ഒട്ടേറെ ബുദ്ധിമുട്ടു കളും കഷ്ടനഷ്ടങ്ങളും ചാത്തുവൈദ്യർ അനുഭവിച്ചിട്ടുണ്ട്. വിദ്യാഭിവർദ്ധിനി- അഡ്വാൻസ്ഡ് സംസ്കൃത സ്കൂൾ, ഓറിയന്റൽ സംസ്കൃത സ്കൂൾ, സംസ്കൃത സെക്കണ്ടറി സ്കൂൾ, സംസ്കൃതം ഹൈസ്കൂൾ, വട്ടോളി എന്നിങ്ങനെയാണ് സ്കൂളിന്റെ നാമ പരിണാമം.

എം.സി. ബാലൻ നമ്പ്യാർ, പി. ആർ. കുഞ്ഞിക്കേളു അടിയോടി, ധർമ്മദത്തൻ വൈദ്യർ, എടക്കാട്ട് ശങ്കരൻവൈദ്യർ, നാരായണൻ വൈദ്യർ, അക്ബർ കക്കട്ടിൽ, കെ.കെ.ലതിക ഡോ.ഒ.കെ. ശ്രീനിവാസൻ, ഡോ.സിദ്ദീഖ്, രാജഗോപാലൻ കാരപ്പറ്റ, ചന്ദ്രശേഖരൻ (ബാലുശ്ശേരി സംസ്കൃതം വിദ്യാപീഠം, പ്രിൻസിപ്പൽ) വി.കെ. ഗോപാലൻമാസ്റ്റർ തുടങ്ങിയ പ്രമുഖർ ഈ വിദ്യാലയത്തിലെ പൂർവ്വവിദ്യാർത്ഥികളാണ്. ആദ്യത്തെ പ്രധാനാധ്യാപകൻ കെ. ഗോവിന്ദൻ നമ്പ്യാർ ചേലക്കാട് നിവാസിയാണ്. ആദ്യത്തെ മാനേജർ കെ.വി. ചാത്തുവൈദ്യരും ഫസ്റ്റ് ഫോറം ആയാണ് ആദ്യ ക്ലാസ് ആരംഭിച്ചത്.

തുടക്കത്തിൽ ആകെ വിദ്യാർത്ഥികൾ 50 ആയിരുന്നു. ആകെ അധ്യാപകർ ആറും, ചാത്തു വൈദ്യരുടെ ഭാര്യയുടെ അച്ഛൻ (കണാരൻ വൈദ്യർ) കെട്ടിടവും കെട്ടിവെയ്ക്കേണ്ട പണത്തിന് പകരം സ്വത്തും കമ്മിറ്റിയുടെ പേരിൽ തീരു കൊടുത്തിരിക്കുന്നു. പരേതനായ എം.കെ. കൃഷ്ണയ്യർ 100രൂപ വിദ്യാലയത്തിന് സംഭാവന നൽകിയിട്ടുണ്ട്. ഇദ്ദേഹം വയനാട്ടിൽ പ്ലാന്ററായിരുന്നു.

വിദ്യാലയം സ്ഥിതിചെയ്യുന്ന കുന്നുമ്മൽ ഉപജില്ലയിൽ കഴിഞ്ഞ 10 വർഷത്തിലേറെയായി സംസ്കൃതം ഹൈസ്കൂൾ നൂറുശതമാനം വിജയം നേടിയിട്ടുണ്ട്. ഇപ്പോഴത്തെ ആകെ വിദ്യാർത്ഥികളുടെ എണ്ണം 1433 ആണ്. മൊത്തം അധ്യാപകർ 52 ഉം അധ്യാപകേതര ജീവനക്കാർ അഞ്ചുമാണ്. നിലവിലുള്ള ഹെഡ്മാസ്റ്റർ വി.രാമകൃഷ്ണനും പി.ടി.എ. പ്രസിഡണ്ട് എം.സജീവനും കെ.കെ. ദയാരാമചന്ദ്രനാണ് ഇപ്പോഴത്തെ മാനേജർ. 45 ക്ലാസ് മുറികളും സ്മാർട്ട് ക്ലാസ് റൂമും സയൻസ് ലാബും കമ്പ്യൂട്ടർ ലാബുമുണ്ട്. ശുദ്ധജലലഭ്യത, കളിസ്ഥലം, സ്റ്റേജ് എന്നീ സൗകര്യങ്ങളും ഈ വിദ്യാലയത്തിനുണ്ട്.

വിദ്യാർത്ഥികളുടെ പാഠ്യ-പാഠ്യേതര രംഗത്ത് നിരന്തരം പ്രോത്സാഹനം നടത്തുന്നതിൽ സ്കൂൾ വളരെ മുന്നിലാണ്. വൈജ്ഞാനിക, സഹവൈജ്ഞാനിക മേഖലയിലും വിദ്യാർത്ഥികളുടെ നിലമെച്ചപ്പെട്ടുവരുന്നു. സ്കൂൾതല ശാസ്ത്ര-സാമൂഹ്യ ശാസ്ത്ര-ഗണിത-പ്രവൃത്തിപരിചയ പ്രദർശനങ്ങൾ സംഘടിപ്പിച്ചു വരുന്നു. കലാമേളയിൽ സംസ്ഥാന തലം വരെ നിരവധി വിജയികളെ കണ്ടെത്തുന്നതിനും പ്രോത്സാഹിപ്പിക്കുന്നതിനും കഴിഞ്ഞു. സബ്ജില്ലാതലത്തിൽ യുവജനോത്സവത്തിൽ ഓവറോൾ ചാമ്പ്യൻഷിപ്പ് നേടിയിട്ടുണ്ട് . പാഠ്യമേഖലയിൽ കുന്നുമ്മൽ ബ്ലോക്ക് പരിധിയിൽ ഏറ്റവും കൂടുതൽ വിജയശതമാനം കഴിഞ്ഞ കുറേ വർഷങ്ങളായി ഈ സ്കൂൾ നേടിക്കൊണ്ടിരിക്കുകയാണ്. ഗണിത ശാസ്ത്രക്ലബ്ബ്, സയൻസ്ക്ലബ്ബ്, പരിസ്ഥിതിക്ലബ്ബ്, സാമൂഹ്യശാസ്ത്ര ക്ലബ്ബ്, ഗാന്ധിദർശൻക്ലബ്ബ്, ആരോഗ്യക്ലബ്ബ്, വിദ്യാരംഗം കലാസാഹിത്യവേദി, സ്കൗട്ട്, ഗൈഡ്സ്, റെഡ്ക്രോസ് എന്നിങ്ങനെയുള്ള വിദ്യാർത്ഥികളുടെ കൂട്ടായ്മകൾ സജീവമാണ്. സംസ്കൃതം ഹൈസ്കൂൾ വട്ടോളി ഇന്ന് കേരളത്തിലെ അപൂർവ്വം ഓറിയന്റൽ സ്കൂളുകളിൽ ഒന്നാണ്. കൂടാതെ ഈ മേഖലയിലെ സംസ്കൃത ഓറിയന്റൽ സ്കൂൾ എന്നതിനാൽ സംസ്കൃതവിഷയം ഒന്നും രണ്ടും പാർട്ടുകൾ ഉൾപ്പെടുന്ന ഒന്നാം ഭാഷ എടുത്ത് കൊണ്ട് എസ്.എസ്.എൽ.സി. വിജയിക്കുന്നവർക്ക് സംസ്കൃത അധ്യാപകയോഗ്യതനേടാനും അറബിക്ക് വിഷയം എടുത്ത് എസ്.എസ്.എൽ.സി. വിജയിച്ചവർക്ക് അറബിക് അധ്യാപക യോഗ്യത നേടാനും കഴിയുന്നു.

രണ്ടായിരമാണ്ടോടുകൂടി സ്കൂളിന്റെ മുഖപടം മാറിവരുന്ന കാഴ്ചയാണ് കണ്ടുവരുന്നത്. അക്കാഡമിക് രംഗത്തുണ്ടായ പടിപടിയായി ഉണ്ടായ ഉയർച്ച, പഠനാനുബന്ധ മേഖലകളിൽ ഉയർന്ന തലങ്ങളിലെ പങ്കാളിത്തം അഡ്മിഷൻ രംഗത്തുണ്ടായ വർദ്ധനവ്, പുതിയ തസ്തികകൾ, എല്ലാം ചേർന്ന് വരുമ്പോഴത്തേക്കും ശ്രദ്ധേയമാകുകയായിരുന്നു ഈ സംസ്കൃത വിദ്യാലയം. ഇതിൽ എടുത്തുപറയേണ്ട നേട്ടം എസ്.എസ്.എൽ.സി. വിജയത്തിൽ ഉണ്ടായ മാറ്റങ്ങളാണ്. 2006ൽ 2 കുട്ടികൾക്ക് ലഭിച്ച എല്ലാ വിഷയങ്ങളിലെയും എ പ്ലസ് കിരീടം പിന്നീട് വന്ന ഓരോ വർഷങ്ങളിലും കൂടുതൽ കുട്ടികൾക്ക് കരസ്ഥമാക്കാൻ കഴിഞ്ഞിട്ടുണ്ട്. 2007 ആകുമ്പോഴേക്കും പരീക്ഷയെഴുതിയ മുഴുവൻ കുട്ടികളെയും വിജയപഥത്തിൽ എത്തിച്ച് നൂറ്മേനി വിജയമാഘോഷിക്കാൻ കഴിഞ്ഞു എന്നതാണ് മറ്റൊരു പ്രത്യേകത.

വർദ്ധിച്ചുവരുന്ന അഡ്മിഷൻ അനുസരിച്ച് മാനേജ്മെന്റ് സ്കൂളിനോട് ചേർന്ന സ്ഥലം വാങ്ങുകയും പുതിയ കെട്ടിടങ്ങൾ നിർമ്മിക്കുകയും ചെയ്തിട്ടുണ്ട്. പിടിഎ, പൂർവ്വവിദ്യാർത്ഥി സംഘടന ഭാരവാഹികൾ, എന്നിവരുടെ നേതൃത്വത്തിൽ ജനകീയ കമ്മിറ്റിയുടെ സഹകരണത്തോടെ മുൻ എം.എൽ.എ. ശ്രീമതി. കെ.കെ. ലതികയുടെ പ്രാദേശിക വികസനഫണ്ടുകൂടി ഉപയോഗപ്പെടുത്തി സ്മാർട്ട് ക്ലാസ്റൂം നിർമ്മിച്ച് വിവര

സാങ്കേതിക വിദ്യയിൽ അധിഷ്ഠിതമായ പഠനപ്രവർത്തനങ്ങൾ വിദ്യാർത്ഥികൾക്ക് നൽകുകയുണ്ടായി. ഈ കാലയളവിൽ സ്കൂളിന്റെ എല്ലാ പ്രവർത്തനങ്ങളിലും സഹകരിക്കുന്ന പിടിഎ, എം.പിടിഎ, പൂർവ്വവിദ്യാർത്ഥി സംഘടന എന്നീ സമിതികളുടെ പ്രവർത്തനങ്ങൾ സ്കൂളിനെ മാറ്റിയെടുക്കുന്നതിൽ പ്രധാന പങ്കാണ് വഹിച്ചിട്ടുള്ളത്.

പഠനാനുബന്ധ മേഖലയായ സ്കൂൾ കലാമേളയിൽ ഉപജില്ലയിൽ നിരവധി വർഷങ്ങളായി ഓവറോൾ ചാമ്പ്യൻഷിപ്പ് കരസ്ഥമാക്കാനും ഈ വിദ്യാലയത്തിന് കഴിഞ്ഞിട്ടുണ്ട്. സംസ്കൃതോത്സവം, അറബിക്സാഹിത്യോത്സവം, യുവജനോത്സവം, എന്നീ വിഭാഗങ്ങളിൽ തുടർച്ചയായി കിരീടം നിലനിർത്താൻ കഴിയാറുണ്ട്. ശാസ്ത്രമേളകൾ മുമ്പ് വിദ്യാഭ്യാസ ജില്ലാ തലത്തിൽ ആയിരുന്നു നടക്കാറുള്ളത്. ഈ സമയത്ത് തന്നെ സ്കൂൾ തലത്തിൽ പങ്കെടുക്കാൻ താൽപ്പര്യമുള്ള എല്ലാ കുട്ടികൾക്കും അവസരം നൽകി. സ്കൂൾതല ശാസ്ത്രമേളകൾ സജീവമായി സംഘടിപ്പിക്കാറുണ്ടായിരുന്നു. വിദ്യാഭ്യാസ ജില്ലയിൽ സാമൂഹ്യശാസ്ത്രമേളയിലും സയൻസ് മേളയിലും ഓവറോൾ കിരീടം നിരവധി തവണ നേടാൻ ഈ വിദ്യാലയത്തിന് കഴിഞ്ഞിട്ടുണ്ട്. പിന്നീട് ഉപജില്ലാ തലത്തിൽ കലാമേള പോലെ ശാസ്ത്രമേളയും സംഘടിപ്പിക്കാനുള്ള സർക്കാർ തീരുമാനം ഉണ്ടായപ്പോൾ ഉപജില്ലാതലത്തിൽ എല്ലാ മേളകളിലും മുഴുവൻ കുട്ടികളെ പരിശീലിപ്പിച്ച് പങ്കെടുപ്പിക്കുകയും ഓവറോൾ കിരീടങ്ങൾ നേടാൻ കഴിഞ്ഞിട്ടുണ്ട്. സാമൂഹ്യശാസ്ത്രമേള ഹൈസ്കൂൾ വിഭാഗത്തിൽ പങ്കെടുത്ത എല്ലാ ഇനങ്ങളിലും നിരവധിതവണ ഫസ്റ്റ് എ ഗ്രേഡ് നേടാനും ജില്ലാതലമത്സരത്തിൽ പങ്കെടുത്ത് ജില്ലയിലെ മികച്ച സാമൂഹ്യശാസ്ത്ര വിദ്യാലയമായും മാറിയിട്ടുണ്ട്. സാമൂഹ്യശാസ്ത്രമേള സംസ്ഥാനതലത്തിൽ മത്സരം തുടങ്ങിയത് മുതൽ സംസ്ഥാന സാമൂഹ്യശാസ്ത്രമേളയിൽ ഈ വിദ്യാലയത്തിലെ വിദ്യാർത്ഥികളെ പങ്കെടുപ്പിക്കാനും വിജയം നേടാനും കഴിഞ്ഞിട്ടുണ്ട്. 2008ൽ മുഹമ്മദ് എ. എന്ന വിദ്യാർത്ഥി ഗണിത പ്രൊജക്ടുമായി തമിഴ്നാട്ടിലെ തിരിച്ചിറപ്പള്ളിയിൽ വെച്ച് നടന്ന ദക്ഷിണേന്ത്യ ഗണിതശാസ്ത്രമേളയിൽ പങ്കെടുത്ത് വിജയിയായിട്ടുണ്ട്. ശാസ്ത്രമേളയിൽ നിരവധി തവണ നമ്മുടെ വിദ്യാർത്ഥികൾ സംസ്ഥാനതലത്തിൽ ജേതാക്കളായിട്ടുണ്ട്.

ഈ കാലയളവിൽ കംമ്പ്യൂട്ടർലാബ്, സയൻസ് ലാബ് നവീകരണങ്ങൾ മേപ്പയ്യൂർ മണ്ഡലത്തിൽ നടപ്പിലാക്കിയ സമഗ്രആരോഗ്യ ശുചിത്വപദ്ധതിയായ പരിക്ഷയിൽ മണ്ഡലത്തിലെ ഏറ്റവും മികച്ച ശുചിത്വ വിദ്യാലയം എന്ന അവാർഡ് സ്കൂളിന് ലഭിച്ചിരുന്നു. പ്ലാസ്റ്റിക്ക് മാലിന്യ വിമുക്ത ക്യാമ്പസ്, പ്ലാസ്റ്റിക്ക് മാലിന്യ നിയന്ത്രിത ഗ്രാമം എന്ന പുത്തൻപദ്ധതി ഈ കാലയളവിലാണ് നടപ്പിലാക്കിയത്.

എസ്.എസ്.എൽ.സി. വിജയം നൂറ്ശതമാനത്തിലാക്കി അതിന്റെ തുടർച്ച നടപ്പിലാക്കുകയും സ്കൂൾ കലാമേളയിലെയും ശാസ്ത്രമേളയിലെയും സംസ്ഥാനതലം വരെയുള്ള പങ്കാളിത്തം ഒട്ടേറെ ശാസ്ത്ര- സാമൂഹ്യ ശാസ്ത്ര- ഗണിതശാസ്ത്ര- പ്രവർത്തിപരിചയ- ഐ.ടി.- പ്രതിഭകളായ വിദ്യാർത്ഥികൾ, ക്ലാസ് പിടിഎകളുടെ നൂതനമായ സംഘാടനം 90%ത്തിലേറെ രക്ഷിതാക്കളുടെ ക്ലാസ് പിടിഎ പങ്കാളിത്തം ഉറപ്പാക്കൽ ഉച്ചഭക്ഷണ വൈവിധ്യവൽക്കരണം അക്കാഡമിക് രംഗത്തെ പൊതുനിലവാരത്തിലുണ്ടായ വളർച്ച, അച്ചടക്കം എന്നീ മേഖലകളിലെല്ലാം ചിട്ടയാർന്ന പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകിയ മുൻ ഹെഡ്മാസ്റ്റർ പി.എം. പത്മനാഭൻ മാസ്റ്റർക്ക് ലഭിച്ച സംസ്ഥാന അധ്യാപക അവാർഡ് ഇതെല്ലാം നമ്മുടെ വിദ്യാലയത്തിന്റെ ഗതകാല ചരിത്ര പഥങ്ങളിലെ തിളങ്ങുന്ന അധ്യായങ്ങളാണ്.

ഈ നേട്ടങ്ങളുടെയെല്ലാം തുടർച്ചയ്ക്കായി കഴിഞ്ഞ കാലങ്ങളിൽ കരുത്തുറ്റ നേതൃത്വം നൽകി വരികയായിരുന്നു റിട്ടേർഡ് ചെയ്തു പോയവരും അകാലത്തിൽ നമ്മെ വിട്ടുപിരിഞ്ഞ ഹെഡ്മാസ്റ്റർമാർ, ശേഷം പുതിയ ഹെഡ്മിസ്ട്രസ്സായി പ്രവർത്തിച്ചുവരുന്ന ശ്രീമതി. വി.പി. ശ്രീജ ടീച്ചർ, വിദ്യാഭ്യാസ വകുപ്പ്, മാനേജ്മെന്റ്, പിടിഎ, എം.പിടിഎ., പൂർവ്വ വിദ്യാർത്ഥി സംഘടന, നാട്ടുകാർ, പൂർവ്വ അധ്യാപകർ, സ്റ്റാഫ് അംഗങ്ങൾ എന്നിവരുടെയെല്ലാം സഹകരണം ഉറപ്പിച്ച് ഈ ഗ്രാമീണ വിദ്യാലയത്തിന്റെ പുതുചരിത്ര സൃഷ്ടിക്കായി ജൈത്രയാത്ര തുടരുകയാണ്.

ഒമ്പത്പതിറ്റാണ്ടുകൾ പിന്നിടുന്ന വിദ്യാലയ ചരിത്രം നാടിന്റെ ചരിത്രത്തിന്റെ ഭാഗമാണ്. പഠന- പാഠ്യേതരമേഖലകളിൽ മികവിന്റെ പുതിയ അധ്യായങ്ങൾ രചിക്കാൻ നമുക്ക് കഴിഞ്ഞു. ബോധനപ്രക്രിയയിൽ ഈ വിദ്യാലയത്തിന്റെ വേറിട്ടരീതി പുത്തൻമാതൃക സൃഷ്ടിക്കുകയുണ്ടായി. പ്രൗഢമായ ചരിത്രത്തിൽ നിന്ന് നാം ആർജ്ജിച്ച കരുത്ത് ഇനിയും മുന്നേറാൻ നമ്മെ പ്രാപ്തരാക്കുമെന്ന കാര്യത്തിൽ സംശയമില്ല.

# വിദ്യാലയം മികവിന്റെ കേന്ദ്രം

- **ന**മ്മുടെ നാടിന്റെ സാംസ്കാരികവും സാമൂഹികവും കാർഷികവുമായ പരസ്പരബന്ധങ്ങൾ കാത്ത് സൂക്ഷിക്കുന്നതിനും ഒരു പൗരൻ എന്ന നിലയ്ക്ക് രാജ്യത്തിന്റെ ഭരണഘടന മൂല്യങ്ങൾ ഉൾക്കൊണ്ട് പ്രവർത്തിക്കുന്ന ഒരു സമൂഹസൃഷ്ടിക്ക് ഉതകുന്ന വിധത്തിൽ എല്ലാ വിദ്യാർത്ഥികളെയും വളർത്തിയെടുക്കാൻ കഴിയണമെന്നതാണ് ഏറ്റവും പ്രധാന കാഴ്ചപ്പാട്.
- **അ**ഞ്ചാം ക്ലാസ്മുതൽ പത്താംക്ലാസ് വരെയുള്ള വിദ്യാർത്ഥികളുടെ സർവ്വോതോൻമുഖമായ വികാസത്തിന് വേണ്ടിയുള്ള വിവിധ പ്രവർത്തനങ്ങളിൽ ഏർപ്പെടാൻ കഴിയുന്ന വിധത്തിൽ സമൂഹത്തിലെ എല്ലാ ഘടകങ്ങളെയും യോജിപ്പിക്കുക.
- **വ**രുന്ന പത്ത് വർഷം മുന്നിൽകണ്ടുകൊണ്ട് വിദ്യാലയവികസന പദ്ധതി ഒപ്പം അക്കാദമിക് മാസ്റ്റർപ്ലാൻ തയ്യാറാക്കുക. സംസ്ഥാന സർക്കാർ, എം.എൽ.എ., എം.പി., ത്രിതലപഞ്ചായത്ത് എൻ.ആർ.ഐ., പൂർവ്വ വിദ്യാർത്ഥികൾ, നാട്ടുകാർ, എന്നിവിടങ്ങളിൽ നിന്നെല്ലാം വിഭവസമാഹരണം നടത്തി വിദ്യാലയത്തെ മികവിന്റെ കേന്ദ്രമാക്കി മാറ്റുക.
- **അ**ഞ്ചാം ക്ലാസ് മുതൽ 10-ാം ക്ലാസ്സുവരെ പഠിക്കാൻ എത്തുന്ന മുഴുവൻ കുട്ടികൾക്കും പാഠ്യപദ്ധതി നിർദ്ദേശിക്കുന്ന ആശയങ്ങളും ധാരണകളും ശേഷിയും നൈപുണിയും മനോഭാവവും മൂല്യങ്ങളും ആർജ്ജിക്കാൻ അവസരം ഒരുക്കുക.
- **നൂ**നത സങ്കേതികവിദ്യപ്രയോജനപ്പെടുത്തി (ICT) സ്മാർട്ട് ക്ലാസ്റൂമുകളിലൂടെ മികച്ച അധ്യായനം ഉറപ്പാക്കുക. വിദ്യാഭ്യാസ വകുപ്പ് അധ്യാപകർക്ക് നൽകുന്ന പരിശീലനങ്ങൾക്ക് പുറമെ അക്കാദമികവും സാങ്കേതികവുമായ മികവ് വികസിപ്പിക്കുന്നതിനുള്ള നിരന്തരമായ പരിശീലനം സ്കൂൾതലത്തിൽ ആസൂത്രണം ചെയ്യുക.
- **പഠ**നപ്രവർത്തനങ്ങൾ എല്ലാ ക്ലാസുകളിലും ആഹ്ലാദകരമായ അനുഭവമാക്കി മാറ്റുക. പുതിയ പാഠ്യപദ്ധതിപ്രകാരം കുട്ടികളെല്ലാം ലിറ്റിൽ ഗവേഷകരായി മാറുകയാണ്. അതോടൊപ്പം ഗവേഷണാത്മക അധ്യാപനത്തിനും പഠനത്തിനും അധ്യാപകർക്കും കുട്ടികൾക്കും അവസരമൊരുക്കുന്നു.
- **കു**ട്ടികളുടെ പഠനവേഗത, പഠനശൈലി എന്നിവ പരിഗണിക്കുക. പഠനപ്രവർത്തനങ്ങൾ സാധ്യമാക്കുന്നതിന് അധ്യാപകരെ പ്രാപ്തരാക്കുന്നു. വിദ്യാർത്ഥികൾക്ക് സ്വയം പഠനം, ഗ്രൂപ്പ്പഠനം എന്നിവ ഉറപ്പാക്കുന്നതിന് ലാബ്, ലൈബ്രറി സംവിധാനങ്ങൾ ഒരുക്കുന്നു.
- **പ്ലാ**സ്റ്റിക്ക് വിമുക്ത ക്യാമ്പസ് പ്ലാസ്റ്റിക്ക് നിയന്ത്രിത ഗ്രാമം എന്ന സ്കൂളിന്റെ തനത് പ്രൊജക്റ്റ് തുടർച്ചയായി നടപ്പിലാക്കുക.
- **പഠ**നയാത്രകളും വിനോദയാത്രകളും ഫീൽഡ് ട്രിപ്പുകളും സംഘടിപ്പിച്ച് പ്രകൃതിയെ ഒരു പാഠപുസ്തകമായി പരിഗണിച്ച് പ്രകൃതിക്കൊപ്പം ജീവിക്കാൻ വിദ്യാർത്ഥികളെ പ്രാപ്തരാക്കുന്നു.
- **വി**ദ്യാലയത്തിന്റെ എല്ലാ പ്രവർത്തനമേഖലകളിലും ജനകീയ പങ്കാളിത്തം ഉറപ്പാക്കുന്നു.
- **പ്ര**വർത്തി പരിചയമേള, ശാസ്ത്രമേളകൾ, ഐടി മേളകൾ, ഗണിതശാസ്ത്ര മേളകൾ, സ്കൂൾ കലോത്സവങ്ങൾ എന്നിവയിലെ പങ്കാളിത്തം ഉറപ്പ് വരുത്തി കുട്ടികളെ സംസ്ഥാനതലം വരെ മത്സരിപ്പിക്കുന്നു.
- **കു**ട്ടികളുടെ അവകാശങ്ങൾ, വിദ്യാഭ്യാസ അവകാശനിയമം പൂർണ്ണമായും നടപ്പാക്കുന്ന വിദ്യാലയമായി മാറ്റുക.
- **പ്ര**തിഭാധനരായ വ്യക്തിത്വങ്ങളെ വിദ്യാർത്ഥികൾക്ക് പരിചയപ്പെടുത്തുക.

# കുട്ടികൾ, അധ്യാപകർ, അധ്യാപകേതര ജീവനക്കാർ

## കുട്ടികൾ

| | BOYS | GIRLS | TOTAL |
|---|---|---|---|
| UP | 260 | 241 | 501 |
| HS | 598 | 457 | 1055 |
| Total | 858 | 698 | 1556 |

## അധ്യാപകർ

| | Gents | LADIES | TOTAL |
|---|---|---|---|
| UP | 07 | 14 | 21 |
| HS | 17 | 23 | 40 |
| Total | 24 | 37 | 61 |

## അധ്യാപകേതര ജീവനക്കാർ

| Clerck | Office Assistant | FTCM | TOTAL |
|---|---|---|---|
| 02 | 02 | 03 | 07 |

# അധ്യാപകർ, അധ്യാപകേതര ജീവനക്കാർ– വിവരങ്ങൾ

| ക്ര. ന | അധ്യാപകരുടെ പേര് | തസ്തിക | വിദ്യാഭ്യാസ യോഗ്യത |
|---|---|---|---|
| 1. | വി.പി.ശ്രീജ | ഹെഡ്മിസ്ട്രസ്സ് | Bsc. B Ed |
| 2. | മിനിമോൾ സി.പി. | എച്ച്.എസ്.ടി. ഇംഗ്ലീഷ് | MA. B Ed |
| 3. | എ.പി. രാജീവൻ | എച്ച്.എസ്.ടി. സോഷ്യൽസയൻസ് | MA. B Ed |
| 4. | ഷൈന ആർ. | എച്ച്.എസ്.ടി. സംസ്കൃതം | MA. B Ed |
| 5. | എ.പി. മുനീർ | എച്ച്.എസ്.ടി. ഇംഗ്ലീഷ് | MA B Ed |
| 6. | റൂസി കോൺട്രാക്റ്റർ | എച്ച്.എസ്.ടി. നാച്ചുറൽ സയൻസ് | Bsc. MA B Ed |
| 7. | ലീല സി.കെ. | എച്ച്.എസ്.ടി. മലയാളം | BA. BEd |
| 8. | കെ.വി. ഷീബ | എച്ച്.എസ്.ടി. മലയാളം | BA. B Ed |
| 9. | അഭിന എൻ.കെ. | എച്ച്.എസ്.ടി. മാത്സ് | Bsc. B Ed |
| 10. | ബിന്ദു മണക്കണ്ടിയിൽ | എച്ച്.എസ്.ടി. സോഷ്യൽ | BA. B Ed |
| 11. | നിസാർ എടത്തിൽ | എച്ച്.എസ്.ടി. സോഷ്യൽ സയൻസ് | BA. B Ed |
| 12. | റീജ വി.കെ. | എച്ച്.എസ്.ടി. ഹിന്ദി | Siksha snatak |
| 13. | ശ്രീന കെ.കെ. | എച്ച്.എസ്.ടി. ഇംഗ്ലീഷ് | BA. B Ed |
| 14. | രാഗേഷ് ജി.ആർ. | എച്ച്.എസ്.ടി. ഫിസിക്കൽ സയൻസ് | Bsc. B Ed |
| 15. | ശ്രീരാഗ് ജി.ആർ. | എച്ച്.എസ്.ടി. ഫിസിക്കൽ സയൻസ് | Bsc. B Ed |
| 16. | തുളസിദാസ് ടി.പി. | എച്ച്.എസ്.ടി. മാത്സ് | Msc. B Ed |
| 17. | ദിജ ടി.പി. | എച്ച്.എസ്.ടി. മാത്സ് | Bsc. B Ed |
| 18. | ബ്രീജിഷ വി. | എച്ച്.എസ്.ടി. ഇംഗ്ലീഷ് | BA. B Ed |
| 19. | അഷിത എസ്.പി. | എച്ച്.എസ്.ടി. നാച്ച്വറൽ സയൻസ് | Msc. M Ed |
| 20. | അഭിലാഷ് സി.ബി. | എച്ച്.എസ്.ടി. മാത്സ് | Bsc. B Ed |
| 21. | ഷെമി ആർ. | ഡ്രോയിംഗ് ടീച്ചർ | KGCE. BA |
| 22. | ശ്രീകാന്ത് എം.പി. | എച്ച്.എസ്.ടി. സോഷ്യൽ സയൻസ് | MA. B Ed |
| 23. | നിജിഷ എൻ.കെ. | എച്ച്.എസ്.ടി. സോഷ്യൽ സയൻസ് | BA. B Ed |
| 24. | പ്രസൂനൻ ടി.കെ. | എച്ച്.എസ്.ടി. | BA. B Ed |
| 25. | ഇന്ദുലേഖ എൻ.ആർ. | എച്ച്.എസ്.ടി. ഫിസിക്കൽ സയൻസ് | BSc. B Ed |
| 26. | ലിജോ സി.പി. | എച്ച്.എസ്.ടി.ഫിസിക്കൽ സയൻസ് | Bsc. B Ed |
| 27. | സനാദ് എസ്.എൻ | എച്ച്.എസ്.ടി. ഇംഗ്ലീഷ് | MA. B Ed SET |
| 28. | സയദ് ടി. | എച്ച്.എസ്.ടി. അറബിക് | BA. B Ed |
| 29. | അനീഷ് എ. | എച്ച്.എസ്.ടി. മലയാളം | BA. B Ed |

| ക്ര. ന | അധ്യാപകരുടെ പേര് | തസ്തിക | വിദ്യാഭ്യാസ യോഗ്യത |
|---|---|---|---|
| 30. | റിൻസി കെ.കെ. | എച്ച്.എസ്.ടി. നാച്ചുറൽ സയൻസ് | BSc. B Ed K TET |
| 31. | രാഗില വി.പി. | എച്ച്.എസ്.ടി. | MSc. B Ed |
| 32. | ഫഹീമ വി.കെ. | എച്ച്.എസ്.ടി. | BSc. B Ed K TET |
| 33. | മിഥുൻ പവനൻ | എച്ച്.എസ്.ടി. ഇംഗ്ലീഷ് | BA. BEd, K TET |
| 34. | നമിത എം. | എച്ച്.എസ്.ടി. നാച്ചുറൽ സയൻസ് | Msc. BEd, K TET |
| 35. | അമൃത ആർ. | എച്ച്.എസ്.ടി. ഫിസിക്കൽ സയൻസ് | Msc. BEd, SET |
| 36. | ദീപിക പി. | എച്ച്.എസ്.ടി. ഹിന്ദി | MA. BEd |
| 37. | നാജി അഹമ്മദ് എ.പി. | എച്ച്.എസ്.ടി. അറബിക് | MA. BEd, K TET |
| 38. | സ്മിത കെ.കെ. | എച്ച്.എസ്. എ. | BA. Bed, K TET |
| 39. | സോയ ടി.പി. | യു.പി.എസ്.ടി. | BA. B Ed |
| 40. | ഹാജറ കോമത്ത് | യു.പി.എസ്.ടി. | AFSUL ULMMA. LTT |
| 41. | ഷീജ എം.എൻ. | യു.പി.എസ്.ടി. | BA. B Ed |
| 42. | ബൈജു എം. | യുപി.എസ്.ടി.. | BA. B Ed |
| 43. | രമ്യ കെ.ആർ. | യുപി.എസ്.ടി. | M.Com BEd |
| 44. | ശ്രീത്തു എം.പി. | യുപി.എസ്.ടി. | MA. B Ed |
| 45. | രാംജിത്ത് കെ.വി. | യുപി.എസ്.ടി. | MA. B Ed |
| 45. | ഷൈനി ഒ. | യുപി.എസ്.ടി. | Hindi Praveen |
| 47. | രജിന വി.പി. | യുപി.എസ്.ടി. | BA. TTC |
| 48. | പ്രിയ കെ. | ക്രാഫ്റ്റ് | PDC. KGT-TEN |
| 49. | പ്രജിൽ വി.കെ. | PET | BA BPED |
| 50. | ബിനിഷ ബാലൻ | യു.പി.എസ്. ടി. | MA. BEd, K TET |
| 51. | ലഞ്ജിഷ കെ.കെ. | യു.പി.എസ്. ടി. | BA. BEd, K TET |
| 52. | സുമേഷ് എ.പി. | യു.പി.എസ്.ടി. ഹിന്ദി | RB Visarad |
| 53. | സുനീഷ് സി | യു.പി.എസ്. ടി. | BA. Bed, K TET |
| 54. | ഷെലിത വി.പി. | യു.പി.എസ്. ടി. | MA. Bed, Med K TET |
| 55. | ഷിനില വി. | യു.പി.എസ്. ടി. | MSc. Med, SET, NET |
| 56. | രൂപ പി.പി. | യു.പി.എസ്. ടി. | MA. Bed, SET |
| 57. | രതീഷ എം.കെ. | യു.പി.എസ്. ടി. | BA. Bed |
| 58. | അനുപ്രിയ സി. | യു.പി.എസ്. ടി. | BA. Bed |
| 59. | നിമിഷ കെ. | യു.പി.എസ്. ടി. | Msc. Bed, SET |
| 60. | സൂരജ് ജി.എസ്. | യു.പി.എസ്. ടി. | MpEd. K TET |
| 61. | അലോക് പർവിൻ മുരളി | യു.പി.എസ്. ടി. | BA. TTC, K TET |

# ഭൗതിക സൗകര്യങ്ങൾ

## ക്ലാസ് റൂമുകൾ

| ബ്ലോക്ക് | എണ്ണം |
|---|---|
| A (പഴയ കെട്ടിടം) | 5 |
| B (യു.പി. പുതിയ കെട്ടിടം) | 9 |
| C (ഗ്രൗണ്ടിലെ 3 നില കെട്ടിടം) | 24 |
| D (9ാം ക്ലാസ് കെട്ടിടം) | 9 |
| E (അഡ്മിനിസ്ട്രേഷൻ കെട്ടിടം) | 2 |
| **TOATL** | **49** |

| | |
|---|---|
| സ്മാർട്ട് ക്ലാസ് റൂമുകൾ | **23** |
| ഐ.ടി. ലാബ് | **3** |
| ലാപ്ടോപ്പ് എച്ച്.എസ് | **44** |
| പ്രൊജക്ടർ | **29** |
| ലാപ്ടോപ്പ് യു.പി. | **10** |
| പ്രൊജക്ടർ | **4** |
| സയൻസ് ലാബ് | **1** |
| ലൈബ്രറി | **1** |
| കളിസ്ഥലം | **2** |
| സ്കൂൾ ബസ്സ് | **8** |
| കുടിവെള്ള ലഭ്യത | ബോർവെൽ 1, കിണർ 1 |
| ശുചി മുറികൾ | പെൺകുട്ടികൾക്ക് 16, ആൺകുട്ടികൾക്ക് 21, ടോയ്‌ലറ്റ് 4 |
| അടുക്കള | **1** |

## അഡ്മിനിസ്ട്രേഷൻ ബ്ലോക്ക്

| | |
|---|---|
| ഐ.ടി. ലാബ് | **1** |
| ഓഫീസ് റൂം | **1** |
| സ്റ്റാഫ് റൂം | **1** |

# നിലവിലെ അക്കാദമിക ബോധന – വിലയിരുത്തൽ തന്ത്രങ്ങൾ

1. എസ്.എസ്.ജി. } (സമഗ്രാസൂത്രണം ടീച്ചിംഗ് മാന്വൽ)
2. എസ്.ആർ.ജി. }
3. പിയർഗ്രൂപ്പ് പഠനം
4. ലിറ്റിൽ ടീച്ചർ സംവിധാനം
5. പ്രോജക്ട്
6. അസൈൻമെന്റ്
7. ഗ്രൂപ്പ് ചർച്ചകൾ
8. സ്കിറ്റുകൾ
9. സെമിനാറുകൾ
10. സംവാദം
11. ഫീൽഡ് ട്രിപ്പുകൾ
12. അഭിമുഖങ്ങൾ
13. ടാബിൾ ടോക്ക്
14. ഐ.സി.ടി. അധിഷ്ഠിത ബോധനരീതികൾ
15. സ്വയം വിലയിരുത്തൽ
16. പരസ്പര വിലയിരുത്തൽ
17. അധ്യാപക വിലയിരുത്തൽ
18. രക്ഷിതാക്കളുടെ വിലയിരുത്തൽ
19. ക്ലാസ് പിടിഎകളുടെ സമഗ്രസംഘടനം

# അധ്യാപകർ – ചുമതലകൾ

| | |
|---|---|
| ഹെഡ്മിസ്ട്രസ് | : വി.പി. ശ്രീജ |
| സീനിയർ അസിസ്റ്റന്റ് | : സി.പി. മിനിമോൾ |
| എസ്.ആർ.ജി. കൺവീനർ | : എ.പി. രാജീവൻ (എച്ച്.എസ്) |
| | : എം.എൻ. ഷീജ (യു.പി.) |
| വിജയോത്സവം കൺവീനർ | : എ.പി. മുനീർ (എച്ച്.എസ്) |
| | : ബിൻഷബാലൻ (യു.പി.) |
| എസ്.ഐ.ടി.സി. കൺവീനർ | : രാഗേഷ് ജി.ആർ. (എച്ച്.എസ്) |
| | : രമ്യ കെ.ആർ. (യു.പി) |
| ഉച്ചഭക്ഷണം കൺവീനർ | : രാംജിത്ത് കെ.വി. |
| സ്കൂൾ ബസ്സ് കൺവീനർ | : ബൈജു എം. |
| ശുചിത്വ സമിതി | : കെ.വി. ഷീബ |
| കലാമേള കൺവീനർ | : പ്രസൂനൻ ടി.കെ. |
| ജോ. കൺവീനർ | : ഇന്ദുലേഖ എൻ.ആർ. |
| വിദ്യാരംഗം കലാ സാഹിത്യവേദി കൺവീനർ | : സി.കെ. ലീല |
| ലൈബ്രറി കൺവീനർ | : ബ്രിജിഷ വി. |
| ടെക്സ്റ്റ്ബുക്ക് സ്റ്റോർ കൺവീനർ | : നാജി അഹമ്മദ് |
| ജനാധിപത്യവേദി ഇലക്ഷൻ കൺവീനർ | : എ.പി. രാജീവൻ, ബൈജു എം |
| സ്കോളർഷിപ്പ് കൺവീനർ | : അഭിന എൻ.കെ. |
| സ്നേഹപൂർവ്വം സ്കോളർഷിപ്പ് കൺവീനർ | : രാഗില വി.പി. |
| ജോസഫ് മുണ്ടശ്ശേരി സ്കോളർഷിപ്പ് കൺവീനർ | : സയദ് ടി. |
| ഒ.ഇ.സി. സ്കോളർഷിപ്പ് കൺവീനർ | : മിഥുൻ പവനൻ |
| നാഷണൽ മീൻസ് കം മെരിറ്റ് സ്കോളർഷിപ്പ് കൺവീനർ (NMMS) | : സ്മിത കെ.കെ. |
| NMMS ജോയിന്റ് കൺവീനർ | : അമൃത ആർ |
| യു.എസ്.എസ്. സ്കോളർഷിപ്പ് കൺവീനർ | : ശ്രീത്തു എം.കെ. |
| ഇൻസ്പെയർ അവാർഡിനുള്ള പരിശീലനം | : അമൃത ആർ |
| സുരിലി ഹിന്ദി | : ഷൈനി ഒ. |
| സുഗമ ഹിന്ദി | : റീജ വി.കെ. |
| ബഡ്ഡിംഗ് റൈറ്റേഴ്സ് | : സോയ ടി.പി. |
| ചൈൽഡ് പ്രൊഡക്ഷൻ കമ്മിറ്റി | : സനാദ് എസ്.എൻ. |

| | |
|---|---|
| കൈത്താങ്ങ് | : റീജ വി.കെ. |
| സൈക്കോ മെട്രി | : ശ്രീന കെ.കെ. |
| പോഷ് കമ്മിറ്റി ചെയർപേഴ്സൺ | : എം.കെ. ബിന്ദു |
| പാലിയേറ്റീവ് | : വി.കെ. റീജ |
| ഐ.ഇ.ഡി. (എച്ച്.എസ്.) | : എം.കെ. ബിന്ദു |
| ഐ.ഇ.ഡി. (യു.പി.) | : ഷിനില വി. |
| മെഡിക്കൽ എയ്ഡ് | : ലഞ്ജിഷ കെ.കെ. |
| സ്മാർട്ട് എനർജി | : ശ്രീരാഗ് ജി.ആർ. |
| എസ്.സി.എസ്.ടി. ചുമതല | : ഇന്ദുലേഖ എൻ.ആർ. |
| സ്കൂൾ അസംബ്ലി | : പ്രജിൽ വി.കെ. |
| ബിൽഡിംഗ് ഡ്യൂട്ടി | : സുരജ് ജി.എസ്. സനാദ് |
| വൈ.ഐ.പി. | : റിൻസി കെ.കെ. |
| എസ്.ഐ.എം. | : റിൻസി കെ.കെ. |
| സ്കൗട്ട്സ് ഗ്രൂപ്പ് | : ശ്രീകാന്ത് എം.പി. |
| | : അനീഷ് എ. |
| | : സുനീഷ് സി. |
| | : അലോക് പർവിൻ |
| ഗൈഡ്സ് | : ഷെമി ആർ. |
| | : ലഞ്ജിഷ എൻ.കെ. |
| | : ബിനിഷ ബാലൻ |
| | : ഐശ്വര്യ |
| സ്റ്റുഡൻസ് സേവിംഗ്സ് സ്കീംസ് | : ദിജ ടി.പി. |
| സയൻസ് ലാബ് | : ശ്രീരാഗ് ജി.ആർ. |
| വർക്ക് എസ്പീരിയൻസ് | : പ്രിയ കെ. |
| | : ഷൈന ആർ. |
| ഡിസാസ്റ്റർ മാനേജ്മെന്റ് | : സുനീഷ് സി. |

# എസ്.എസ്.എൽ.സി. ഫലം ഒറ്റനോട്ടത്തിൽ

| വർഷം | വിജയശതമാനം |
|---|---|
| മാർച്ച് 2002 | 85% |
| മാർച്ച് 2003 | 92% |
| മാർച്ച് 2004 | 85% |
| മാർച്ച് 2005 | 84% |
| മാർച്ച് 2006 | 93% |
| മാർച്ച് 2007 | 100% |
| മാർച്ച് 2008 | 100% |
| മാർച്ച് 2009 | 100% |
| മാർച്ച് 2010 | 100% |
| മാർച്ച് 2011 | 100% |
| മാർച്ച് 2012 | 100% |
| മാർച്ച് 2013 | 100% |
| മാർച്ച് 2014 | 100% |
| മാർച്ച് 2015 | 100% |
| മാർച്ച് 2016 | 100% |
| മാർച്ച് 2017 | 99% |
| മാർച്ച് 2018 | 100% |
| മാർച്ച് 2019 | 100% |
| മാർച്ച് 2020 | 100% |
| മാർച്ച് 2021 | 100% |
| മാർച്ച് 2022 | 100% |
| മാർച്ച് 2023 | 100% |
| മാർച്ച് 2024 | 100% |
| മാർച്ച് 2025 | 100% |

# പരിമിതികൾ

## ഭൗതികസാഹചര്യം, അക്കാഡമിക് രംഗം

സംസ്കൃത ഭാഷാ പ്രോത്സാഹനത്തിനായി ആരംഭിച്ച കോഴിക്കോട് ജില്ല യിലെ കുന്നുമ്മൽ ഗ്രാമപഞ്ചായത്തിൽ ഗ്രാമീണമേഖലയിൽ സ്ഥിതിചെയ്യുന്ന ഈ വിദ്യാലയം പഠന പഠാനുബന്ധ മേഖലയിൽ ഇതുവരെയുള്ള നേട്ടങ്ങളി ലൂടെ സംസ്ഥാനതലത്തിൽ അറിയപ്പെടുകയുണ്ടായി. ഭൗതിക സൗകര്യങ്ങ ളുടെ പരിമിതി ഏറെയുണ്ടായിരുന്ന വിദ്യാലയത്തിൽ നിലവിൽ കെട്ടിട സൗക ര്യങ്ങളിലും മറ്റ് ഭൗതികസൗകര്യങ്ങളിലും ബഹുദൂരം മുന്നോട്ട് പോയിട്ടു ണ്ട്. ഇനിയും ബഹുദൂരം പോകേണ്ടതുണ്ട്.

അക്കാഡമിക് മാസ്റ്റർ പ്ലാൻ പ്രകാരമുള്ള പദ്ധതികളെല്ലാം നടപ്പിലാ ക്കാൻ ഒട്ടേറെ ഭൗതിക സൗകര്യങ്ങൾ സജീകരിക്കേണ്ടതുണ്ട്. ലാംഗ്വേജ് ലേബ്, വിപുലീകരിച്ച സയൻസ് ലാബ്, മികച്ച ലൈബ്രറി സംവിധാനം, കളി സ്ഥലം, ഐ.ടി. ലാബ് വികസനം, യു.പി.ക്ലാസുകൾ കൂടി സ്മാർട്ട് ആക്കൽ എന്നിവയൊക്കെ ഭൗതിക മേഖലയിൽ വരേണ്ട വികസനങ്ങളിൽ പെടുന്നു.

അക്കാദമിക് മേഖലയിലും ഉന്നതനിലവാരം പുലർത്തിവരുന്ന വിദ്യാ ലയം എന്ന നിലയിൽ അറിയപ്പെടുമ്പോഴും ഒട്ടേറെ പരിമിതികളും നാം തിരി ച്ചറിയുകയാണ്. 2007 മുതൽ എസ്.എസ്.എൽ.സി. പരീക്ഷയിൽ നേടുന്ന തുടർച്ചയായ 100%, എ പ്ലസ് ഗ്രേഡ് നേടുന്ന കുട്ടികളുടെ എണ്ണത്തിലുള്ള വർദ്ധനവ് എന്നിവയൊക്കെ ഉയർച്ചയുടെ പടവുകളായി കണക്കാക്കാം. പൊതുവിദ്യാലയം എന്ന നിലയിൽ അഡ്മിഷൻ എടുക്കുന്ന വിദ്യാർത്ഥിക ളിൽ കണ്ടുവരുന്ന പിന്നോക്കാവസ്ഥ പഠനപ്രവർത്തനങ്ങൾ സാധാരണനില യിൽ മുന്നോട്ട്കൊണ്ടുപോകാൻ പ്രയാസകരമാവാറുണ്ട്.  ടേം മൂല്യനിർണ്ണ യത്തിന് ശേഷം നൽകുന്ന പ്രത്യേക പഠനപരിഹാര ബോധന പ്രക്രിയയി ലൂടെ ഒരു പരിധിവരെ ഈ പരിമിതികളെ മറികടക്കാൻ കഴിയാറുണ്ട്. എങ്കിലും പത്താംക്ലാസിൽ എത്തുമ്പോഴേക്കും രാത്രികാല പഠനക്ലാസ്സുകൾ ഉൾപ്പെടെ നടത്തിയാണ് ഈ വിദ്യാർത്ഥികളെയും വിജയത്തിന് എത്തിക്കു ന്നത്. ഓരോ ക്ലാസിലും കുട്ടി ആർജ്ജിക്കേണ്ട ഉള്ളടക്കങ്ങൾ കൃത്യമയി മൂല്യനിർണ്ണയം ചെയ്യപ്പെടുകയും പരിഹാരബോധനം പരമാവധി നൽകി അവരെകൂടി ഉൾപ്പെടുത്തിയുള്ള പ്രത്യേക പഠനപ്രവർത്തനങ്ങൾ ആസൂ ത്രണം ചെയ്യേണ്ടിയിരിക്കുന്നു.

# വിഷയ മേഖലകൾ

വിദ്യാലയത്തെ മികവിന്റെ കേന്ദ്രമാക്കുക എന്ന ലക്ഷ്യത്തോടെ ആരംഭിച്ചിട്ടുള്ള പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന് മൂർത്ത രൂപം നൽകേണ്ടതുണ്ട്. അതിനായ് സർഗാത്മകവും പ്രായോഗികവും, സമായബന്ധിതമായിപൂർത്തീകരിക്കാൻ കഴിയുന്നതുമായ പ്രവർത്തന പദ്ധതികൾക്ക് രൂപം നൽകണം.

അടുത്ത അഞ്ച് വർഷം കൊണ്ട് പൂർത്തിയാവുന്ന പദ്ധതികളാണ് ഈ വിദ്യാലയത്തിന്റെ അക്കാദമിക് മാസ്റ്റർപ്ലാനിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. 14 മേഖലകളിലായാണ് പദ്ധതി വിശദീകരിച്ചിട്ടുള്ളത്. ഭാഷാ പഠനം, ഗണിതം, എസ്.എസ്.എൽ.സി., വായന, ശാസ്ത്രപഠനം, സാമൂഹ്യശാസ്ത്രപഠനം, സംസ്ഥാനദേശീയ തലങ്ങളിലെ വിദ്യാലയസാന്നിദ്ധ്യം, ആരോഗ്യ, കായിക വിദ്യാഭ്യാസം, ശുചിത്വം, കലാ- സാംസ്കാരികം, ക്ലബ്ബ് പ്രവർത്തനങ്ങൾ, സാന്ത്വനം ഗൈഡൻസ് & കൗൺസിലിംങ്ങ്, സന്നദ്ധ സംഘടനകൾ എന്നിവയാണ് പ്രസ്തുത വിഷയമേഖലകൾ.

# ഉറക്കെ പറയാം

## ഭാഷാ പഠനം (അവസ്ഥ വിശകലനം)

> If you talk
> to a man in
> a language he
> understands,
> that goes to his head.
> If you talk
> to him in his
> own language,
> that goes to his heart.
>
> Nelson Mandela

പൊതുവിദ്യാഭ്യാസം അന്താരാഷ്ട്ര നിലവാരത്തിലേക്കുയർന്നുവരാനുള്ള ശ്രമങ്ങൾ സർക്കാർ തലത്തിൽ നടന്നുവരികയാണ്. പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞം വിജയിക്കേണ്ടത് ക്ലാസ് മുറികളിലാണ് ഇതിനായി വിവിധ വിഷയങ്ങളിൽ നിലനിൽക്കുന്ന പ്രശ്നങ്ങൾ കണ്ടെത്തി ചർച്ചകൾ നടത്തി പരിഹാരത്തിനായി വിവിധ അക്കാഡമിക് പദ്ധതികൾക്ക് രൂപം നൽകുകയാണ് ചെയ്തത്. നിലവാരമുയർത്താനുള്ള പദ്ധതികൾ

**ഭാഷാപഠനം – പ്രശ്നങ്ങൾ**

- പ്രാഥമിക വിലയിരുത്തലിലൂടെ പാഠ്യപദ്ധതി നിർദ്ദേശിച്ച എല്ലാ ശേഷികളും പ്രതീക്ഷിച്ച നിലവാരത്തിൽനേടാൻ കഴിയുന്നില്ല.
- 5ാം ക്ലാസുകളിൽ എത്തിച്ചേരുന്ന കുട്ടികളിൽ പ്രതീക്ഷിക്കുന്ന അക്ഷരബോധമില്ലാത്തത് തുടർ പഠനത്തിന് പ്രയാസകരമാകുന്നു.
- സർഗാത്മക പ്രവർത്തനങ്ങൾക്ക് വേണ്ടത്ര പ്രാധാന്യം കൈവരുന്നില്ല.
- പരിഹാരബോധനം മുഴുവൻ കുട്ടികളിലും ഫലപ്രദമായി എത്തിക്കുന്നതിന് കഴിയുന്നില്ല.
- ആധുനികമായി സജ്ജീകരിച്ച സ്കൂൾലൈബ്രറി ഓഡിയോ വിഷ്വൽ ലൈബ്രറി ലാംഗ്വേജ് ലാബ് എന്നിവയുടെ അഭാവം.

**പരിഹാര പദ്ധതികൾ**

മാതൃഭാഷ, സംസ്കൃതം, അറബിക്, ഹിന്ദി, ഇംഗ്ലീഷ്, ഭാഷകളുടെ അനായസമായ കൈകാര്യം ചെയ്യലിന് ആത്മവിശ്വാസത്തോടെയുള്ള ഭാഷാ ഉപയോഗത്തിനുവേണ്ടിയുള്ള നിരവധിയായ പ്രവർത്തന പദ്ധതികൾ ചുവടെ കൊടുക്കും പ്രകാരമാണ്.

# SSLC ... ഒരുക്കാം നമുക്ക്

## എസ്.എസ്.എൽ.സി. പരീക്ഷയ്ക്ക് വേണ്ടി കുട്ടികളെ തയ്യാറാക്കൽ

ഒരു ദശാബ്ദകാലം മുഴുവനായും എസ്.എസ്.എൽ.സി. പരീക്ഷയിൽ നൂറുമേനി വിളയിച്ച് മുന്നേറിയ കോഴിക്കോട് ജില്ലയിലെ കിഴക്കൻ മേഖലയിലെ കുന്നുമ്മൽ ഗ്രാമപഞ്ചായത്തിലുള്ള ഒരു ഹൈസ്കുളാണ് വട്ടോളി സംസ്കൃതം ഹൈസ്കൂൾ.

രണ്ടായിരമാണ്ടോടുകൂടി എസ്.എസ്.എൽ.സി. രംഗത്തുണ്ടായ വിജയശതമാനത്തിലെ ഗണ്യമായ വർദ്ധനവ് ഒരു ഫിനിക്സ് പക്ഷിയെപോലെ ഉയർത്തെഴുന്നേറ്റ് അക്കാഡമിക്ക് മേഖലയിൽ ഈ പൊതുവിദ്യാലയത്തിന്റെ കുതിപ്പ് 2007 ആകുമ്പോഴേക്ക് നൂറ് മേനി വിളയിക്കുന്നതിലേക്കും മുഴുവൻ വിഷയങ്ങളിലും എ പ്ലസ് ഗ്രേഡ് ലഭിക്കുന്ന കാര്യത്തിൽ 40നുമേൽ കുട്ടികളെ എത്തിക്കാനും കഴിഞ്ഞിട്ടുണ്ട്. കൂടാതെ ഓരോ വിഷയത്തിലും എ പ്ലസ് ഗ്രേഡ് നേടിയവരുടെ എണ്ണത്തിൽ ഓരോ വർഷവുമുണ്ടാകുന്ന വർദ്ധനവ് ഈ ഗ്രാമീണ വിദ്യാലയത്തെ ഏറെ ശ്രദ്ധേയമാക്കിയിട്ടുണ്ട്.

എസ്.എസ്.എൽ.സി. പരീക്ഷയ്ക്കുള്ള ഈ മഹത്തായ നേട്ടങ്ങൾ കൂടുതൽ കുട്ടികളിലേക്കെത്തിക്കാൻ കേവലം 10ാം ക്ലാസിലെ തീവ്രയജ്ഞപഠനപ്രവർത്തനം കൊണ്ടുമാത്രം കഴിയില്ലെന്ന തിരിച്ചറിവിൽ നിന്ന് പുതിയ പദ്ധതികളിലൂടെ ഈ നേട്ടം നേടാനാകുമെന്ന പ്രതീക്ഷയിലാണ് വിദ്യാലയം.

5ാം ക്ലാസിൽ അഡ്മിഷനെടുക്കുന്ന കുട്ടികളിലേക്ക് എത്തിച്ചേർന്നുകൊണ്ടാണ് ഈ പദ്ധതി തുടങ്ങാനാഗ്രഹിക്കുന്നത് എല്ലാ കുട്ടികളുടേയും ഗൃഹസന്ദർശനം നടത്തി സർവെയിലൂടെ അവരുടെ ആരോഗ്യം ഭക്ഷണശീലങ്ങൾ, അഭിരുചികൾ പഠനശീലങ്ങൾ എന്നിവ മനസ്സിലാക്കാനാണ് ആദ്യഘട്ടശ്രമങ്ങൾ ശേഷം പ്രീടെസ്റ്റ് നടത്തി നിലവാരം മനസ്സിലാക്കി പരിഹാര ബോധനപ്രവർത്തനങ്ങൾ അഞ്ചാം ക്ലാസ്മുതൽ ആരംഭിച്ച് 10ാം ക്ലാസിലെത്തുന്ന കുട്ടികളെ അനായാസം പഠന പ്രവർത്തനങ്ങളിലേക്കും പരീക്ഷകളിലേക്കും നയിക്കാനാകും. ഇതിനായി ആവിഷ്കരിച്ചിട്ടുള്ള എസ്.എസ്.എൽ.സി. ഒരുക്കാം നമുക്ക് എന്ന പദ്ധതി വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

## എസ്.എസ്.എൽ.സി. ഒരുക്കാം നമുക്ക്.....

| ക്ര. ന | ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലയളവ് | ഭൗതിക സൗകര്യങ്ങൾ | സാമ്പ ത്തികം | പിന്തുണ |
|---|---|---|---|---|---|---|
| | **എല്ലാപഠിതാക്കളെയും അവരുടെ ഗൃഹാന്തരീക്ഷ ത്തെ യും അറിയൽ SSLC പരീക്ഷയ്ക്കുവേ ണ്ടിയുള്ള തയ്യാറെടുപ്പ് അഞ്ചാം ക്ലാസ് മുതൽ ആരംഭിക്കൽ ഉപലക്ഷ്യങ്ങൾ: കുട്ടിയെ അറിയൽ രക്ഷിതാവിനെ അറിയൽ ഗൃഹാന്തരീക്ഷം അറിയൽ** | **<u>ക്യാച്ച് ദം യങ്ങ്</u>**<br>**<u>ഗൃഹസന്ദർശനം</u>**<br>അധ്യാപകർക്ക് ക്ലാസ്<br>രക്ഷിതാവിനെയും കുട്ടികളെയും ഒരുമിച്ചിരുത്തി വിവരശേഖരണം<br>- ആരോഗ്യം<br>- ഭക്ഷണശീലങ്ങൾ<br>- അഭിരുചികൾ<br>- ശീലങ്ങൾ<br>വീട്ടിലെ പഠനശീലങ്ങൾ മനസ്സിലാക്കൽ<br>രക്ഷിതാവിനൊരു ഡയറി | വെക്കേഷൻ | രക്ഷിതാ ക്കൾക്കുള്ള ഡയറി<br>വിദഗ്ദർ | 1000<br>45000 | സ്റ്റാഫ്<br>PTA |
| | **അക്കാഡമിക് നിലവാ രത്തെ മനസ്സിലാക്കൽ** | **<u>പ്രീടെസ്റ്റ്</u>**<br>വിവിധ ശേഷികൾ<br>ഗ്രേഡ് ചെയ്യുന്നതിന്<br>അതത് മേഖലകളിൽ പരീക്ഷകൾ നടത്തുക | ജൂൺ<br>ജൂൺ | ചോദ്യപേപ്പർ | 1250 | PTA |
| | **എല്ലാ കുട്ടികളെയും പഠന പ്രവർത്തനങ്ങ ളിൽ സജീവമാക്കൽ** | **<u>പരിഹാരബോധന ശില്പശാലകൾ</u>**<br>– **ഭാഷാവിഷയങ്ങൾ**<br>അക്ഷരക്കളരി<br>അക്ഷരങ്ങൾ കൊണ്ടുള്ള വാക്കു നിർമാണം<br>വാചകപ്പുര<br>സ്ക്കിറ്റുകൾ<br>ഭാഷാകളികൾ<br>കൈയ്യെഴുത്ത് പരിശീലനം<br>- **ഗണിതം ഇഷ്ടമാണ്**<br>കളികളിലൂടെ ഗണിത പഠനം<br>ലളിത ക്രിയകൾ<br>പ്രകൃതിയിലെ ഗണിതം പ്രദർശനം | ജൂൺ<br>ജൂലൈ<br>ആഗസ്റ്റ്<br>സപ്തം ബർ | സ്റ്റഡി മെറ്റീരി യൽസ് | 10,000 | CPTA<br>SSG |

## എസ്.എസ്.എൽ.സി. ഒരുക്കാം നമുക്ക്.....

| ക്ര. ന | ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലയളവ് | ഭൗതിക സൗകര്യങ്ങൾ | സാമ്പ ത്തികം | പിന്തുണ |
|---|---|---|---|---|---|---|
| | **കുട്ടികളെ ഉൾപ്പെടുത്തി പഠന പ്രവർത്തനം** | പിയർഗ്രൂപ്പ് പഠനം<br>ലിറ്റിൽ ടീച്ചർ<br>സ്വയം വിലയിരുത്തൽ<br>കുട്ടികളുടെ മൂല്യനിർണയം<br>ഡോക്യുമെന്റേഷൻ<br>വർക്ക്ഷോപ്പുകൾ (വെക്കേഷനുകളിൽ) | ജൂൺ മുതൽ | വിദഗ്ദർ<br>മൊഡ്യൂൾ | 1,000<br>5,000 | CPTA |
